# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2741** | **17-03-2022 - ൽ മറുപടിയ്ക്ക്**

## സഹകരണ സംഘം/ബാങ്ക് വായ്പ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സംഘം/ബാങ്കുകളിൽ നിന്നും വായ്പ എടുത്തശേഷം വ്യക്തി മരണപ്പെട്ടാൽ അവകാശികൾക്ക് നേരിടേണ്ടി വരുന്ന നിയമ നടപടികളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ എടുത്ത വ്യക്തി മരണപ്പെട്ടാൽ അത്തരം വായ്പകൾ ഇളവുകളോടെ തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 2022 മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിനും മലപ്പുറം ജില്ലാ സഹകരണ ബാങ്കിനും അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അർഹമായ വായ്പകൾക്ക് റിസ്ക് ഫണ്ട് ആനുകൂല്യവും ലഭ്യമാക്കി വരുന്നു. |
| (ബി) | വായ്പയ്ക്ക് ഈടായി നൽകിയ വസ്തു വകകൾ വിട്ടു നൽകാൻ തയ്യാറുള്ള അവകാശികൾക്ക് ബാങ്ക് നടപടികൾ മുഖേന പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | വായ്പയ്ക്ക് ഈടായി നൽകുന്ന വസ്തു വകകൾ വായ്പ കുടിശ്ശിക ആകുന്ന അവസരത്തിൽ നിയമ നടപടികൾ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷികളെ അറിയിച്ച് ബാങ്കുകൾ ലേലം ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ